# പതിമൂന്നാം കേരളനിയമസഭ
# ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5379** **04/07/2013 ൽ മറുപടിക്ക്**

## ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" ആർ. സെൽവരാജ്<br>" പി. സി. വിഷ്ണുനാഥ്<br>" കെ. മുരളീധരൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ജനറിക് മെഡിസിൻ സൗജന്യമായി നൽകുന്ന പദ്ധതി ആര് മുഖേനയാണ് നടപ്പിലാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന സർക്കാർ ആശുപത്രികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി സമീപിക്കുന്ന ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ട്. സൗജന്യ ജനറിക് മരുന്നു വിതരണ പദ്ധതിയ്ക്കാവശ്യമായ മരുന്നുകൾ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് സംഭരിച്ചു നൽകുന്നത്. |
| (ബി) | ഏതെല്ലാം രോഗികൾക്കാണ് മരുന്നുകൾ ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) | 2012 നവംബർ 1 ന് ആരംഭിച്ച സൗജന്യ ജനറിക് മരുന്നു വിതരണ പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എ.പി.എൽ. ബി.പി.എൽ. ഭേദമന്യേ എല്ലാ വിഭാഗം രോഗികൾക്കും (ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള) ജനറിക് മരുന്നുകൾ സൗജന്യമായി ലഭിക്കുന്നുണ്ട്. |
| (സി) | ഇതിനുള്ള ധനാഗമ മാർഗ്ഗങ്ങൾ ഏതൊക്കെ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നും, സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലൂടെ പിരിക്കുന്ന 1% മെഡിക്കൽ സെസ്സിലൂടെയുമാണ് ഇതിനാവശ്യമായ തുക കണ്ടെത്തുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 245 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ